# മലയാറ്റൂർ പ്രശ്നത്തിന്റെ യാഥാർത്ഥ്യങ്ങൾ

പ്രിയ സുഹൃത്തുക്കളെ,

ഈ ദിവസങ്ങളിൽ മലയാറ്റൂർ പള്ളിയിൽ മലയാറ്റൂർ കുരിശുമുടിയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന അനിഷ്ടസംഭവങ്ങൾ നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. അതിനെക്കുറിച്ചുള്ള യാഥാർത്ഥ്യങ്ങൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു. 1998 സെപ്തംബർ 4-ാം തീയതിയാണ് മലയാറ്റൂർ കുരിശുമുടിയെ അതിരൂപതയുടെ തീർത്ഥാടനകേന്ദ്രമാക്കി ഉയർത്തിയത്. അന്നത്തെ മലയാറ്റൂർ പള്ളി വികാരിയെയാണ് റെക്ടറായി നിയമിച്ചതെങ്കിലും അന്നു മുതൽ റെക്ടർ, വികാരി എന്നീ രണ്ട് തസ്തികകൾ നിലവിലുണ്ട്. ഈ തീർത്ഥാടനകേന്ദ്രത്തിന്റെ ഭരണം നടത്തുന്നതിന് ഒരു ഭരണസമിതിയെയും 30 അംഗ ഉപദേശകസമിതിയെയും നിയമിക്കുകയുണ്ടായി. 2000 ഫെബ്രുവരി 12-ാം തീയതി കുരിശുമുടി തീർത്ഥാടനകേന്ദ്രത്തെ സംബന്ധിച്ച് ഒരു നിയമാവലി ഉണ്ടാക്കുമെന്ന് മെത്രാപ്പോലീത്ത മലയാറ്റൂർ, വിമലഗിരി, ഇല്ലിത്തോട്, സെബിയൂർ ഇടവകകൾക്ക് വാക്ക് നല്കി. 10 വർഷങ്ങൾക്കുശേഷം ഇത് സംബന്ധിച്ചുണ്ടാക്കുന്ന വ്യവസ്ഥകൾ പുനർ നിർണ്ണയം ചെയ്യുന്നതാണെന്നും അന്ന് മെത്രാപ്പോലീത്ത വ്യക്തമാക്കിയിരുന്നു.

2004 ഫെബ്രുവരി 11-ന് മലയാറ്റൂർ കുരിശുമുടിയെ ഒരു അന്തർദ്ദേശീയ തീർത്ഥാടനകേന്ദ്രമായി ജോൺപോൾ രണ്ടാമൻ മാർപാപ്പ പ്രഖ്യാപിച്ചു. അന്തർദേശീയ തീർത്ഥാടനകേന്ദ്രത്തിന്റെ നിയമാവലി ഉണ്ടാക്കുന്നതിനായി മെത്രാപ്പോലീത്ത ഒരു വിദഗ്ദ്ധസമിതിയെ 2007 മാർച്ച് 3-ന് നിയമിച്ചു. കാനോൻ നിയമങ്ങളും മറ്റ് അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രങ്ങളുടെ നിയമാവലികളും പരിശോധിച്ചാണ് ഈ നിയമാവലി ഉണ്ടാക്കേണ്ടതെന്ന് അന്ന് നിഷ്കർഷിച്ചിരുന്നു. പത്തുവർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ കുരിശുമുടിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിയെക്കുറിച്ച് ആലോചിക്കുന്നതിനും 2009 സെപ്തംബർ 29-ാം തീയതി മലയാറ്റൂർ മഹായിടവകയിലെ നാലു പള്ളികളുടെ പ്രതിനിധികളെയും കുരിശുമുടി അഡ്ഹോക് കമ്മിറ്റി അംഗങ്ങളെയും ചേർത്തുള്ള ഒരു യോഗം മൂന്നു പിതാക്കന്മാരുടെയും സാന്നിദ്ധ്യത്തിൽ ചേർന്ന് വിശദാംശങ്ങൾ ചർച്ച ചെയ്തു. തുടർന്ന് 2010 ജനുവരി 15-ന് കർദ്ദിനാൾ വർക്കി വിതയത്തിൽ പിതാവ് നിയമാവലി ഒപ്പുവച്ച് ജനുവരി 31 മുതൽ പ്രാബല്യത്തിലാക്കി. തുടർന്ന് കുരിശുമുടിയുടെ റെക്ടറായി ബഹു. വർഗ്ഗീസ് ഞാളിയത്തച്ചനെയും മലയാറ്റൂർ സെന്റ് തോമസ് പള്ളി വികാരിയായി ബഹു. ജോൺ തേക്കാനത്തച്ചനെയും നിയമിച്ചു.

2010 ഫെബ്രുവരി 12-ന് രാവിലെ മലയാറ്റൂർ സെന്റ് തോമസ് ഇടവകയിൽ നിന്നുള്ള 43 അംഗങ്ങൾ ആർച്ച്ബിഷപ്പ് ഹൗസിൽ വരികയും വികാരിയെയും റെക്ടറെയും വേർതിരിച്ച് നിയമിച്ചതിലുള്ള പ്രതിഷേധം പ്രകടിപ്പിക്കുകയും ചെയ്തു. ഫെബ്രുവരി 18-ാം തീയതി അതിരൂപതയുടെ ആലോചന സമിതിയും, മറ്റു കാനോനിക സമിതികളുടെ സെക്രട്ടറിമാരും ചേർന്നുള്ള ഒരു യോഗം വിളിച്ച് മലയാറ്റൂർ ഇടവകയുടെ പ്രതിനിധികളായി വന്നവരുടെ പരാതികൾ എങ്ങനെ പരിഗണിക്കണമെന്ന് ചർച്ച ചെയ്തു. അതിന്റെ ഫലമായി നാലു വൈദികരും മൂന്ന് അല്മായരുമടങ്ങുന്ന ഏഴംഗ സമിതിയെ അവരുടെ പരാതികൾ കേൾക്കാനും പഠിക്കാനും മെത്രാപ്പോലീത്തായ്ക്ക് റിപ്പോർട്ട് നല്കാനുമായി നിയമിച്ചു. ഫെബ്രുവരി 19 -ന് മലയാറ്റൂർ പാരിഷ് കൗൺസിൽ അംഗങ്ങളുമായി കാഞ്ഞൂർ ഫൊറോനപള്ളി വികാരിയുടെ അദ്ധ്യക്ഷതയിൽ കാഞ്ഞൂർ പള്ളി പാരീഷ് ഹാളിൽ വച്ച് പ്രസ്തുത കമ്മിറ്റി യോഗം ചേർന്നു. അന്നു നടന്ന ചർച്ചയിൽ മലയാറ്റൂർ പാരിഷ് കൗൺസിൽ അംഗങ്ങൾ നാലു പ്രധാന ആവശ്യങ്ങളാണ് ഉന്നയിച്ചത്. അവ താഴെ പറയുന്നു:

1) കുരിശുമുടി റെക്ടറും മലയാറ്റൂർ പള്ളിവികാരിയും ഒരാൾ തന്നെയായിരിക്കണം.
2) മലയാറ്റൂർ കുരിശുമുടിയിൽ നാളിതുവരെ തുടർന്ന പൊൻപണമിറക്കം പോലുള്ള ആചാരാനുഷ്ഠാനങ്ങൾ തുടരണം.
3) കുരിശുമുടിയുടെ ആഫീസ് മലയാറ്റൂർ പള്ളിയുടെ പിൽഗ്രിംസ് സെന്ററിലായിരിക്കണം.
4) മലയാറ്റൂർ പള്ളിയുടെ നടത്തു കൈക്കാരൻ കുരിശുമുടിയുടെ ബാങ്ക് അക്കൗണ്ടിൽ നിർബന്ധമായും ഒപ്പു വയ്ക്കുന്നവരിൽ ഉൾപ്പെട്ടിരിക്കണം.

ഈ നാലു വിഷയങ്ങൾ വളരെ പ്രധാനമായതുകൊണ്ട് അതിരൂപതാ കച്ചേരിയുമായി കമ്മിറ്റി അംഗങ്ങൾ ചർച്ച നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം മലയാറ്റൂർ ഇടവക കൗൺസിൽ അംഗങ്ങളുടെ പ്രതിനിധികളുമായി വീണ്ടും ചർച്ച നടത്തണമെന്നും മാത്രമല്ല മലയാറ്റൂർ സാഞ്ചറിയിൽപ്പെട്ട മറ്റു മൂന്നു പള്ളികളുടെ വികാരിമാരും കൈക്കാരന്മാരും പാരിഷ് ഫാമിലി യൂണിയൻ വൈസ് ചെയർമാന്മാരുമടങ്ങുന്ന സമിതിയിൽ അതു ചർച്ച ചെയ്യണമെന്നും നിർദ്ദേശിച്ചു. കൂടാതെ ഈ വിഷയങ്ങൾ അതിരൂപതയുടെ വൈദിക പ്രതിനിധി സമിതിയോഗത്തിലും പാസ്റ്ററൽ കൗൺസിലിലും ചർച്ച ചെയ്യാനും ധാരണയായി.

അതനുസരിച്ച് തുടർന്നുള്ള ദിവസങ്ങളിൽ പ്രസ്തുതയോഗങ്ങൾ നടന്നു. മലയാറ്റൂർ സാഞ്ചറിയുടെ മറ്റു മൂന്നു ഇടവകക്കാരും, വികാരിയും റെക്ടറും രണ്ടാളായിരിക്കണമെന്ന് നിഷ്കർഷിച്ചു. ഇതുതന്നെയായിരുന്നു വൈദിക പ്രതിനിധി യോഗത്തിന്റെയും പാസ്റ്ററൽ കൗൺസിലിന്റെയും ഏകകണ്ഠമായ അഭിപ്രായം. കുരിശുമുടിയുടെ ബാങ്ക് ചെക്കിൽ മലയാറ്റൂർ നടത്തു കൈക്കാരനും ഒപ്പു വയ്ക്കുന്നതിൽ എല്ലാവർക്കും സമ്മതമായിരുന്നു. കുരിശുമുടിയുടെ ആചാരാനുഷ്ഠാനങ്ങൾ തുടരണമെന്ന് നിയമാവലി ആവശ്യപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രശ്നം തർക്കവിഷയമായില്ല. എന്നാൽ കുരിശുമുടിയുടെ ആഫീസ്

മലയാറ്റൂർ പിൽഗ്രിം സെന്ററിൽ ആയിരിക്കണമെന്ന മലയാറ്റൂർ ഇടവകക്കാരുടെ അഭിപ്രായത്തോട് മറ്റു ഒരു സമിതിയും യോജിച്ചില്ല. പാസ്റ്ററൽ കൗൺസിലിന്റെ ഏകകണ്ഠമായ അഭിപ്രായം അടിവാരത്തുള്ള വാണിഭത്തടത്തിലായിരിക്കണം ആഫീസ് എന്നായിരുന്നു. മലയാറ്റൂർ സാഞ്ചറിയിലെ മറ്റു മൂന്നു ഇടവകക്കാർക്കും ഏതാണ്ട് ഇതേ അഭിപ്രായമായിരുന്നു.

മുൻപറഞ്ഞ നിഗമനങ്ങൾ മെത്രാപ്പോലീത്തയെ അറിയിച്ചതിന്റെ പശ്ചാത്തലത്തിൽ മലയാറ്റൂർ ഇടവകക്കാർ ഉന്നയിച്ച രണ്ടു കാര്യങ്ങൾ പൂർണ്ണമായും അവർക്ക് അംഗീകരിച്ചുകൊടുക്കുകയും കുരിശുമുടിയുടെ ഓഫീസ് പിൽഗ്രിംസ് സെന്ററിലും തുടരുന്നതിൽ തടസ്സമില്ല എന്നു നിശ്ചയിക്കുകയും ചെയ്തു. എന്നാൽ റെക്ടറും വികാരിയും രണ്ടായിരിക്കണമെന്ന് അഭിവന്ദ്യ വർക്കി പിതാവ് വ്യക്തമാക്കി. ഇതനുസരിച്ച് മലയാറ്റൂർ പള്ളി വികാരിക്കും കൈക്കാരന്മാർക്കുമായി ഒരു കല്പന എഴുതി തയ്യാറാക്കി. അതിന്റെ പ്രസക്ത ഭാഗങ്ങൾ താഴെ ചേർക്കുന്നു:

"അക്കാരണത്താൽ തന്നെ ഞാൻ 2010 ജനുവരി 15-ന് ഒപ്പുവച്ച് അംഗീകരിച്ചിട്ടുള്ള കുരിശുമുടിയുടെ Rules and Regulations-നിൽ മലയാറ്റൂർ ഇടവകയ്ക്ക് പ്രത്യേക സ്ഥാനം നല്കിയിട്ടുള്ളത്, പ്രത്യേകിച്ചും ഭരണ സമിതിയിലും ആഘോഷകമ്മിറ്റിയിലും. കുരിശുമുടിയുടെ അന്തർദ്ദേശീയ തീർത്ഥാടന കേന്ദ്രമെന്നുള്ള വിധത്തിലുള്ള വളർച്ചയ്ക്ക് മലയാറ്റൂർ പള്ളി വികാരിയെ വൈസ് റെക്ടർ ആയി സ്ഥിരമായി അംഗീകരിക്കുന്നതോടൊപ്പം ഒരു റെക്ടറെ നിയമിക്കേണ്ടത് ആവശ്യമായിരുന്നു. അത് മലയാറ്റൂർ ഇടവകയുടെയും കുരിശുമുടി തീർത്ഥാടന കേന്ദ്രത്തിന്റെയും നല്ല ഭാവി ലക്ഷ്യമാക്കിയാണ് ഞാൻ ചെയ്തിട്ടുള്ളത്. എങ്കിലും മലയാറ്റൂർ ഇടവകക്കാർക്ക് ചില ആശങ്കകൾ ഉള്ളതായി ഞാൻ മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ കുരിശുമുടിയുടെ നടത്തിപ്പിൽ നാളിതുവരെ അനുവർത്തിച്ചു പോന്ന ആചാരാനുഷ്ഠാനങ്ങൾ തുടരണമെന്ന് നിയമാവലിയിൽ ഞാൻ നിഷ്കർഷിച്ചിട്ടുള്ളത് ആവർത്തിക്കുന്നു.

കുരിശുമുടിയുടെ കേന്ദ്ര ആഫീസിനെക്കുറിച്ച് ഇപ്പോൾ വിവിധ കാനോനിക സമിതികളിലും അല്ലാതെയും നടന്ന ചർച്ചകളും അഭിപ്രായങ്ങളും ഞാൻ മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ നിയമാവലിയിൽ പറഞ്ഞിരിക്കുന്നത് പാലിക്കുന്നതോടൊപ്പം പിൽഗ്രിംസ് സെന്ററിൽ നിലവിലുള്ള ഓഫീസ് റെക്ടറുടെ നിയന്ത്രണത്തിൽ തുടരുന്നതിൽ തടസ്സമില്ല.

കുരിശുമുടിയുടെ ബാങ്ക് അക്കൗണ്ട് റെക്ടർ, വികാരി (വൈസ് റെക്ടർ), മലയാറ്റൂർ പള്ളി കൈക്കാരൻ എന്നീ മൂന്നു പേർ Joint Signatories ആയിരിക്കത്തക്കവിധം നിയമാവലി ഭേദഗതി ഭരണസമിതി ഒരാഴ്ചയ്ക്കകം ചേർന്ന് നടത്തേണ്ടതാണ്."

കാർഡിനൽ വർക്കി വിതയത്തിൽ പിതാവിന്റെ ഈ തീരുമാനങ്ങൾ മലയാറ്റൂർ ഇടവകയുടെ മൂന്നു കൈക്കാരന്മാരെ വിളിച്ച് ഫെബ്രുവരി 26-നു ഉച്ചകഴിഞ്ഞ് മൗണ്ട് സെന്റ് തോമസിൽ അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവ് നേരിൽ നല്കുകയും അതനുസരിക്കണമെന്ന് അവരോട് അഭ്യർത്ഥിക്കുകയും ചെയ്തു. എന്നാൽ കൈക്കാരന്മാർ മുമ്പു സമ്മതിച്ചതിന് വിപരീതമായി കല്പന അംഗീകരിക്കാതിരിക്കുകയും മൗണ്ട് സെന്റ് തോമസിൽ കൂടെ വന്ന ആളുകളുമായി ചേർന്ന് മുദ്രാവാക്യങ്ങൾ വിളിക്കുകയും ചെയ്തു.

മെത്രാപ്പോലീത്തയുടെ നിയമന ഉത്തരവു പ്രകാരം 2010 ഫെബ്രുവരി 27-ന് മലയാറ്റൂർ സെന്റ് തോമസ് പള്ളിയിലേക്കു ചെന്ന പുതുതായി നിയമിതരായ വികാരിയെയും അസ്തേന്തിയേയും അവിടെ കൂടിയ കൈക്കാരന്മാർ അടങ്ങുന്ന ഒരു സംഘം നിർബന്ധിച്ച് തിരിച്ചയയ്ക്കുകയും അവിടെ നിലവിലുണ്ടായിരുന്ന വികാരിയേയും അസ്തേന്തിയേയും അവിടെ നിന്ന് പുറത്തുപോകാൻ അനുവദിക്കാതെ അവരെ ബന്ധികളാക്കുകയും ചെയ്തു. അതിരൂപതയുടെ എല്ലാ ആലോചന സമിതികളിലും പര്യാലോചിച്ചും മലയാറ്റൂർ സെന്റ് തോമസ് ഇടവകയിലെ പ്രതിനിധികളുമായി പലവട്ടം ചർച്ച ചെയ്തും മലയാറ്റൂർ ഇടവകയുടെയും കുരിശുമുടിയുടെയും നല്ല ഭാവിക്കുവേണ്ടി പരമാവധി വിട്ടുവീഴ്ച ചെയ്ത് അഭിവന്ദ്യ മെത്രാപ്പോലീത്ത എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ അവിടെ കുറച്ചുപേർ സൃഷ്ടിച്ചിരിക്കുന്നത്. പ്രകോപനപരമായ ഒട്ടനവധി സാഹചര്യങ്ങൾ ഉണ്ടായിട്ടും പരമാവധി സംയമനം പാലിക്കാനും സമാധാനാന്തരീക്ഷം നശിപ്പിക്കാതിരിക്കാനുമാണ് അഭിവന്ദ്യ പിതാക്കന്മാർ ശ്രദ്ധിച്ചത്. മലയാറ്റൂർ ഇടവകയുടെയും കുരിശുമുടിയുടെയും സുഗമമായ നടത്തിപ്പിന് സമാധാനപൂർണ്ണമായ ഒരന്തരീക്ഷം സംജാതമാകുന്നതിന് എല്ലാവരും പ്രാർത്ഥിക്കണമെന്നും അതിന് ഓരോരുത്തരുടെയും കഴിവനുസരിച്ച് ശ്രമിക്കണമെന്നും അഭ്യർത്ഥിക്കുന്നു. പ്രതിവർഷം 60 ലക്ഷത്തിലധികം തീർത്ഥാടകർ വന്നെത്തുന്ന മാർ തോമാ ശ്ലീഹായുടെ വിശുദ്ധമായ തീർത്ഥാടന കേന്ദ്രത്തെക്കുറിച്ച് അവിശുദ്ധമായ വാർത്തകളും സംഭവങ്ങളും ഉണ്ടാകുന്നത് തോമസ് അപ്പസ്തോലൻ നമുക്കു നല്കിയ വിശ്വാസപൈതൃകത്തോട് ചെയ്യുന്ന വലിയ അപരാധമായിരിക്കുമെന്ന് നാം തിരിച്ചറിയണം.

പ്രാർത്ഥനാപൂർവ്വം,

ചാൻസലർ

27-02-2010

എറണാകുളം-അങ്കമാലി അതിരൂപത